Sri. E. John Philipose :

(*a*) Yes.

(*b*) Estimates have not been completely prepared, pending the receipt of details of investigation.

ശ്രീ. എ. എം. തോമസ് : ഈ കൊല്ലം പണി തുടങ്ങാൻ ദയവുണ്ടാകുമോ ?

Sri. E. John Philipose : Government have made provision in the next year's Budget.

കടത്തുകാരുടെ കൂലിനിരക്ക്

*൩൫൨. (൨൫) ശ്രീ. എ. കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ–വടുതല, എടക്കൊച്ചി–കുമ്പളങ്ങി, എടക്കൊച്ചി–അരൂർ എന്നിവടങ്ങളിലെ കടത്തുവേലക്കാർ യാത്രക്കാരിൽനിന്നും കൂടുതൽ ചാർജ്ജ് വസൂലാക്കിവരുന്ന വിവരം ഗവൺമെണ്ടിനറിയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ആദ്യത്തെ രണ്ടു കടത്തുകളിൽനിന്നും കൂടുതൽ ചാർജ്ജ് വസൂലാക്കുന്നില്ലെന്നാണ് അറിവു്. എടക്കൊച്ചി–അരൂർ കടത്തുകാരൻ കൂടുതൽ ചാർജ്ജ് വസൂലാക്കുന്നു എന്നു പരാതിയുണ്ടാകുകയും അതിലേക്ക വേണ്ട നടപടികൾ നടത്തി പത്തു രൂപാ അയാൾക്കു പിഴയിടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. പി. കെ. ഡീവർ : ഈ പത്തു രൂപാ പിഴയിട്ടതു എന്നാണെന്നു പറയുമോ ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിപ്പോൾ നിശ്ചയമില്ല.

ശ്രീ. പി. കെ. ഡീവർ : പിഴയിട്ടതിനുശേഷവും പഴയതിതന്നെയാണ് തുടരുന്നതെന്നു ഗവൺമെണ്ടിനു് അറിയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. ടി. ചാക്കോ : ആ സ്ഥലങ്ങളിലെ കടത്തുകാർക്ക് എത്ര ശമ്പളമാണു കൊടുക്കുന്നതെന്നു പറയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : എനിക്കു നല്ല നിശ്ചയമില്ല. കൊച്ചിയിൽ ൨൦ രൂപായാണെന്നു തോന്നുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ഗവൺമെണ്ടിൽനിന്നും ലേലം വിളിച്ചു കൊടുത്തിട്ടുള്ള കടത്തല്ലേ അതു് ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതെ.

ശ്രീ. ഈപ്പൻ അറയ്ക്കൽ : അരൂർ-എടക്കൊച്ചി കടത്തുകളിൽ കിടക്കുന്ന വള്ളങ്ങൾക്കു പകരം മോട്ടോർ ലാഞ്ചോ, സ്റ്റീംലാഞ്ചോ ഇട്ടു ആളുകളെ കടത്തുന്നതിനു ദയവുണ്ടാകുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതു വളരെയധികം ചിലവു വരുന്നതാണ്. അതിനെപ്പറ്റി ആലോചിക്കാമെന്നല്ലാതെ ഉടനെ നടപ്പിൽ വരുത്താൻ സാധ്യമുള്ളതല്ല.

റയിൽവെ ലൈനുകളിൽ ലവൽക്രോസുകൾ

*൩൫൩. (൨൯) ശ്രീ. എ. കെ. ശങ്കുണ്ണി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റയിൽവെ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എടപ്പള്ളി റയിൽവെസ്റ്റേഷൻമുതൽ എറണാകുളം സൗത്തു് റയിൽവെസ്റ്റേഷൻവരെ എത്ര ലവൽക്രോസുകളുണ്ടു് ;

(ബി) വണ്ടികൾ വരുന്നതിനു ൨൫൦, ൩൦൦ മിനിട്ടുകൾമുമ്പെ ഈ ക്രോസുകളിലെ ഗേറ്റുകൾ പൂട്ടിയിടുന്നതിനാൽ വാഹനങ്ങൾക്കും യാത്രക്കാർക്കും വളരെ അസൌകര്യങ്ങളും ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടെന്നു ഗവൺമെണ്ടിനറിയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് .

(എ) ൧൪.

(ബി) ഇല്ല.

ശ്രീ. പി. കെ. ഡീവർ : മുപ്പതു മിനിട്ടിനുമുമ്പെ അടക്കുന്നില്ലെന്നാണൊ പറഞ്ഞതു്.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അതെ. അങ്ങിനെ അടക്കണമെന്നില്ല. That matter was discussed by me with Mr. Ramanujan, General Manager of the South Indian Railway, when he was here last week.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ : അവിടെ ഓവർബ്രിഡ്ജ് കെട്ടാൻ വല്ല ആലോചനയുമുണ്ടോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അങ്ങനെ ആലോചന ഇല്ല.

WRITTEN ANSWERS.

മുണ്ടകവിളവ്

*ന൨ ൪. (ന൨) സാഹിബ് ബഹദൂർ വി. ചേലാതി റാവുത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മുണ്ടകവിളവ് ഉണങ്ങിപ്പോകയാൽ തല്പള്ളി താലൂക്കിലെ ചില കർഷകർ വല്ല നിവേദനങ്ങളും ഗവൺമെണ്ടിനു അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു സഹായമാണ് അവർക്കു ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതു ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഉണ്ട്.

(ബി) റവന്യൂ ബോർഡിൽനിന്നും ഈ സംഗതിയെ സംബന്ധിച്ചു ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടിയാലുടൻ വേണ്ട നടപടികളും കൈക്കൊള്ളുന്നതാണ്.

സ്റ്റോറിന്റെ സാമൂഹ്യ സാമ്പത്തികനയം

*ന൨ ൫. (ന൨൧) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റോറിന്റെ സാമൂഹ്യ സാമ്പത്തികക്രമം സഹകരണത്തിൽ പുനഃസംഘടിപ്പിക്കണമെന്നതു ഈ ഗവൺമെണ്ടിന്റേയും നയമല്ലേ ;

(ബി) അതെ, എങ്കിൽ അതിനു പറഞ്ഞിരിക്കുന്ന വിധം സഹകരണപ്രസ്ഥാനം പുനഃസംഘടിപ്പിക്കാൻ ശ്രമിക്കാത്തതു എന്തുകൊണ്ട് ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) അതെ.

(ബി) ശ്രമിക്കുന്നുണ്ട്.

സഹകരണസംഘം

*ന൨൧. (ന൨൭) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അറാദായത്തിൽനിന്നു റേഷൻകാർഡുകാക്ക അവർ സംഘത്തിൽനിന്നു വാങ്ങിയ സാമാനത്തിന്റെ വിലത്തുക അടിസ്ഥാനമാക്കി ബോണസോ റിബേറ്റോ അനുവദിക്കുന്ന സഹകരണസംഘം തിരുവിതാംകൂർ-കൊച്ചി സ്റ്റോറിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ റേഷൻ വിതരണം നടത്തുന്ന സംഘങ്ങളിൽ എത്ര ശതമാനം വരും അവയുടെ എണ്ണം ;

(സി) ഇല്ലെങ്കിൽ റേഷൻ വിതരണം സഹകരണസംഘത്തെ ഏല്പിച്ചതുകൊണ്ടു ഉപഭോക്താക്കൾക്കുള്ള പ്രയോജനമെന്തു ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) തിരുവിതാംകൂറിൽ ഇല്ല. കൊച്ചിയിൽ ഉണ്ട്.

(ബി) ഉദ്ദേശം ൨൦ ശതമാനം.

(സി) വ്യാപാരികളും നടത്തുന്ന റേഷൻ പീടികകളിൽ സാധാരണയായി നടന്നുവരുന്ന കരിഞ്ചന്തവ്യാപാരം സംഘങ്ങളായാൽ വളരെ കുറഞ്ഞിരിക്കും.

വ്യവസായ ഉല്പാദനം

*ന൨ ൭. (ന൨൬) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ വ്യവസായ ഉല്പാദനം വർദ്ധിപ്പിക്കുവാനും വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാനും ഗവൺമെണ്ടിന്റെ ആലോചനയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly